# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2260 — 11.06.2018 – ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രതാ നിയമം

**ചോദ്യം**

**ശ്രീ.സി. കെ. ശശീന്ദ്രൻ :**

(എ) കേരളത്തിൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽ വന്നത് എന്നു മുതലാണെന്ന് അറിയിക്കുമോ; 2013-ൽ നടപ്പാക്കേണ്ട ഈ നിയമം കേരളത്തിൽ നടപ്പാക്കാൻ വൈകിയതിനുള്ള കാരണം വിശദീകരിക്കുമോ;

(ബി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി, നേരത്തെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുകയും നിലവിൽ റേഷൻ ആനുകൂല്യത്തിൽ നിന്നും പുറത്താക്കുകയും ചെയ്തവർക്ക്, റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു അറിയിക്കുമോ;

(സി) റേഷൻ കടകളിലെത്തി ഭക്ഷ്യധാന്യം കൈപ്പറ്റാത്ത നിരവധി കുടുംബങ്ങൾ ഉള്ള പട്ടിക വർഗ്ഗ മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു അറിയിക്കുമോ?

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ) 01.11.2016 മുതലാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 - ൽ അനുശാസിക്കുന്ന രീതിയിലുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മൂലമാണ് സംസ്ഥാനത്ത് ടി നിയമം നടപ്പിൽ വരുത്തുന്നതിന് കാലതാമസം നേരിട്ടത്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടിക പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നു.

(സി) ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ സഞ്ചരിക്കുന്ന റേഷൻകട 14.07.17 മുതൽ തൃശ്ശൂർ ജില്ലയിൽ ആരംഭിച്ചു. ചാലക്കുടി താലൂക്കിലെ ആദിവാസി കോളനികളിലെ 296 കുടുംബങ്ങൾക്ക് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാസത്തിൽ 2 ദിവസം അർഹതപ്പെട്ട റേഷൻ സാധനങ്ങൾ എത്തിക്കുന്ന പദ്ധതി 29.03.2018 മുതൽ ആരംഭിച്ചു. പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു.

*സെക്ഷൻ ഓഫീസർ*